# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**5132.** 27/06/2019-ൽ മറുപടിയ്ക്ക്

**ആർ.സി.സി. ഡയറക്ടറുടെ സെക്രട്ടറി തസ്തികയിലെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | ആർ.സി.സി. യിൽ ഡയറക്ടറുടെ സെക്രട്ടറി രാജിവെച്ച സാഹചര്യത്തിൽ ആ തസ്തികയിൽ പുനർനിയമനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | എ) | ആർ.സി.സി.യിൽ ഡയറക്ടറുടെ സെക്രട്ടറി രാജി വെച്ച ഒഴിവിൽ പുനർനിയമനം നടത്തിയിട്ടില്ല. |
| ബി) | പ്രസ്തുത തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ; | ബി) | ഡയറക്ടറുടെ സെക്രട്ടറി തസ്തികക്ക് വേണ്ട യോഗ്യതകൾ താഴെ പറയുന്നവയാണ്.<br>അത്യന്താപേക്ഷിതം:<br>i) അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള ബിരുദം<br>ii) സെക്രട്ടേറിയൽ പ്രാക്ടിസിലുള്ള ഡിപ്ലോമ<br>iii) ക്ലാർക്ക്/അസിസ്റ്റന്റ്/സ്റ്റെനോഗ്രാഫർ/പി.എ./സെക്രട്ടറി എന്നീ തസ്തികകളിൽ ഏതെങ്കിലും 10 വർഷത്തെ പ്രവർത്തി പരിചയം. ഇതിൽ മിനിമം നാല് വർഷം ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ പി.എ./സെക്രട്ടറി ആയി ജോലി ചെയ്തിട്ടുള്ള പ്രവർത്തി പരിചയമായിരിക്കണം.<br>അഭിലഷണീയം:<br>ഒരു പ്രശസ്ത സ്ഥാപനത്തിൽ സെക്രട്ടറിയായി ജോലി ചെയ്ത സേവന പരിചയം. |
| സി) | ഈ യോഗ്യതകളെല്ലാമുള്ള ആരെങ്കിലും ആർ.സി.സി. യിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | സി) | ഈ യോഗ്യതകളെല്ലാമുള്ള ആരും നിലവിൽ ആർ.സി.സി.യിൽ ജോലി ചെയ്യുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | ഇപ്പോൾ ആർ.സി.സി.ഡയറക്ടറുടെ സെക്രട്ടറിയുടെ ജോലി ചെയ്യുന്നത് ആരാണ്; പ്രസ്തുത വ്യക്തിയുടെ യോഗ്യതയെന്താണെന്ന് അറിയിക്കുമോ? | ഡി) | ഇപ്പോൾ ഡയറക്ടറുടെ സെക്രട്ടറിയുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ഡയറക്ടറുടെ ഓഫീസ് ജോലികൾ ചെയ്യുവാൻ വേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത് സി.ആർ.എ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. സജീഷ് സി.കെ. എന്ന ഉദ്യോഗസ്ഥനെയാണ്. പ്രസ്തുത വ്യക്തി ആംഗലേയ സാഹിത്യത്തിൽ ബിരുദധാരിയാണ്. |

സെക്ഷൻ ഓഫീസർ